**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4072** **17-03-2025 - ൽ മറുപടിയ്ക്ക്**

**ഡിസ്റ്റിലറി/ബ്രൂവറി ആരംഭിക്കുന്നതിനുള്ള മാനദണ്ഡം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. ഷംസുദ്ദീൻ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഡിസ്റ്റില്ലറികളും ബ്രൂവറികളും ആരംഭിക്കുന്നതിനുള്ള മാനദണ്ഡങ്ങളും നടപടിക്രമങ്ങളും എന്തെല്ലാമാണ്; വിശദാംശം നൽകാമോ; | (എ) | Kerala Distillery & Warehouse Rules, 1968, Kerala Foreign Liquor (Compounding, Blending & Bottling) Rules, 1975, Brewery Rules, 1967, Kerala Winery Rules, 1970 എന്നീ ചട്ടങ്ങൾ അനുസരിച്ചാണ് ഡിസ്റ്റിലറികൾ, ബ്രുവറികൾ എന്നിവ ആരംഭിക്കുന്നതിനുള്ള ലൈസൻസ് നൽകി വരുന്നത്. 2023-24 വർഷത്തെ മദ്യനയത്തിൽ സംസ്ഥാനത്ത് മദ്യ ഉത്പാദനത്തിന് ആവശ്യമായ എക്സ്ട്രാ ന്യൂട്രൽ ആൾക്കഹോൾ (ENA) കേരളത്തിൽ തന്നെ ഉത്പാദിപ്പിക്കുന്നതിനു തയ്യാറാകുന്ന ഡിസ്റ്റിലറികൾക്കും പുതിയ യൂണിറ്റുകൾക്കും അനുമതി നൽകും എന്ന് വ്യക്തമാക്കിയിട്ടുണ്ട്. അബ്കാരി ചട്ടങ്ങളും സർക്കാരിന്റെ നയങ്ങളും പാലിക്കപ്പെടുന്ന അപേക്ഷകൾ പരിശോധിച്ച് തീരുമാനം കൈക്കൊള്ളുകയാണ് ചെയ്യുന്നത്. |
| (ബി) | മുൻ സർക്കാരിന്റെയും ഈ സർക്കാരിന്റെയും കാലത്ത് സംസ്ഥാനത്ത് ഇതുവരെ എത്ര ഡിസ്റ്റില്ലറികൾക്കും ബ്രൂവറികൾക്കുമാണ് അനുമതി നൽകിയിട്ടുള്ളതെന്ന വിശദവിവരം നൽകാമോ; | (ബി) | മുൻ സർക്കാരിന്റെ കാലത്ത് ഡിസ്റ്റില്ലറികൾക്കും ബ്രുവറികൾക്കും അനുമതി നൽകിയിട്ടില്ല. ഈ സർക്കാരിന്റെ കാലത്ത് ഇതുവരെ ഒരു മദ്യ നിർമാണ യൂണിറ്റിന് പ്രാരംഭാനുമതി നൽകിയിട്ടുണ്ട്. |
| (സി) | 2016 മുതലുള്ള മദ്യനയങ്ങളിൽ ഡിസ്റ്റില്ലറികളും ബ്രൂവറികളും ആരംഭിക്കുന്നത് സംബന്ധിച്ച് എന്തെങ്കിലും നിർദ്ദേശം നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ; | (സി) | 2023-24 വർഷത്തെ മദ്യനയത്തിൽ സംസ്ഥാനത്ത് മദ്യ ഉത്പ്പാദനത്തിന് ആവശ്യമായ എക്സ്ട്രാ ന്യൂട്രൽ ആൽക്കഹോൾ (ENA) കേരളത്തിൽ തന്നെ ഉത്പ്പാദിപ്പിക്കുന്നതിന് തയ്യാറാകുന്ന ഡിസ്റ്റിലറികൾക്കും പുതിയ യൂണിറ്റുകൾക്കും അനുമതി നൽകും എന്ന് വ്യക്തമാക്കിയിട്ടുണ്ട്. |
| (ഡി) | മദ്യവർജ്ജനം സർക്കാർ നയമാണോ; എങ്കിൽ സംസ്ഥാനത്ത് കൂടുതൽ ബാറുകളും ഡിസ്റ്റില്ലറികളും ബ്രൂവറികളും അനുവദിച്ച് മദ്യോപഭോഗത്തെ പ്രോത്സാഹിപ്പിക്കുന്ന നടപടി സർക്കാർ നയത്തിന് അനുസൃതമാണോ; വിശദമാക്കാമോ? | (ഡി) | മദ്യവർജ്ജനത്തിൽ ഊന്നിയ നയങ്ങളാണ് സർക്കാർ സ്വീകരിച്ചുവരുന്നത്. മദ്യോപഭോഗത്തെ പ്രോത്സാഹിപ്പിക്കുന്നതിനായി ബാറുകളും ഡിസ്റ്റിലറികളും ബ്രുവറികളും അനുവദിക്കാറില്ല. സർക്കാരിന്റെ അബ്കാരി നയങ്ങളുടെ അടിസ്ഥാനത്തിൽ വ്യാവസായിക ഉന്നമനവും |

| | | | |
|---|---|---|---|
| | | | തൊഴിൽ സാധ്യതകളും കണക്കിലെടുത്ത് നിലവിലുള്ള നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് മാത്രമേ പുതിയ ബാറുകളും ഡിസ്റ്റിലറികളും ബ്രൂവറികളും അനുവദിക്കുകയുള്ളൂ. മദ്യവർജ്ജനത്തിൽ ഊന്നിയ ബോധവൽക്കരണ പ്രവർത്തനങ്ങളിലൂടെ മാത്രമേ സമൂഹത്തിൽ വർദ്ധിച്ചുവരുന്ന മദ്യാസക്തി കുറച്ചു കൊണ്ടുവരുന്നതിന് സാധിക്കുകയുള്ളൂ എന്ന യാഥാർത്ഥ്യം ഉൾക്കൊണ്ടാണ് മദ്യനയത്തിൽ ലഹരിക്കെതിരെയുള്ള ബോധവൽക്കരണ പ്രവർത്തനങ്ങൾക്ക് സർക്കാർ പ്രത്യേകം ഊന്നൽ നൽകിയിട്ടുള്ളത്. പൊതുജനങ്ങളെ മദ്യത്തിന്റെ ഉപഭോഗത്തിനെതിരെ ബോധവൽക്കരണം നടത്തി ഘട്ടം ഘട്ടമായി മദ്യത്തിന്റെ ഉപയോഗം കുറയ്ക്കുന്നതിനാണ് സർക്കാർ ലക്ഷ്യമിട്ടിരിക്കുന്നത്. ഇത്തരത്തിൽ സർക്കാർ നടത്തുന്ന പ്രവർത്തനങ്ങൾ വഴി സംസ്ഥാനത്ത് മദ്യത്തിന്റെ ഉപഭോഗം വർദ്ധിക്കുന്നത് ഫലപ്രദമായി നിയന്ത്രിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ